# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1598 16.3.2015-ൽ മറുപടിയ്ക്ക്**

**വെറ്റിനറി കൗൺസിലിലെ നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള സംസ്ഥാന വെറ്റിനറി കൗൺസിലിലെ എൽ.ഡി.ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ, പ്യൂൺ, പാർട്ട്-ടൈം സ്വീപ്പർ തസ്തികകളിലേക്കുള്ള നിയമനം മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ നിയമനമാണെന്ന 28.08.1997-ലെ സ.ഉ.(എം.എസ്) നം. 2497/97/എഡി ഉത്തരവിലെ നിബന്ധന മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) ഇല്ല |
| ബി) മേൽപറഞ്ഞ ഉത്തരവിനു വിരുദ്ധമായി വെറ്റിനറി കൗൺസിലിലെ തസ്തികകളിൽ സർവ്വീസിൽ നിന്നും വിരമിച്ചവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; | ബി) സർക്കാർ തലത്തിൽ ഡെപ്യൂട്ടേഷൻ ഉത്തരവ് വരുന്നതുവരെ ടി തസ്തികകളിൽ ദിവസവേതനക്കാരെ താല്ക്കാലികമായി നിയമിച്ചതായി കാണുന്നു. മൃഗസംരക്ഷണ വകുപ്പിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ.റ്റി.സുകുമാരൻ എന്ന വ്യക്തി 1.10.2009 മുതൽ തുടർച്ചയായി 6.2.2015 വരെ ദിവസവേതന അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ ഈ ഓഫീസിൽ ജോലി ചെയ്തിരുന്നു. |
| സി) ഉണ്ടെങ്കിൽ പ്രസ്തുത ചട്ട വിരുദ്ധ നിയമനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ